# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2042

## (16.08.2017 ലെ മറുപടിക്ക്)

## മാന്നാർ സബ്ട്രഷറിക്ക് കെട്ടിടം

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. കെ.കെ രാമചന്ദ്രൻ നായർ** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മാന്നാർ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | 16.07.2017-ലെ G.O.(Rt) 5721/2017/Fin നമ്പർ ഉത്തരവു പ്രകാരം മാന്നാർ സബ്ട്രഷറി ഉൾപ്പെടെ 10 പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയ്ക്കായുള്ള പ്ലാൻ ഫണ്ടിൽ 2017-18 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 7 കോടി രൂപ ട്രഷറികെട്ടിട നിർമ്മാണത്തിനായി നീക്കിവെച്ചിട്ടുള്ളതാണ്. ഈ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് മാന്നാർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ഇൻകെൽ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണ ജോലികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ? | മാന്നാർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ടെക്നിക്കൽ അനുമതി കൂടി ലഭിച്ചുകഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**